പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4825

14/11/2019-ൽ മറുപടിയ്ക്ക്

**അമ്പലമുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് പുതിയ മന്ദിരം**

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അമ്പലമുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് എഫ്.എ.സി.റ്റി യുടെ സ്ഥലം കൈമാറുന്നതിനും പുതിയ സ്കൂൾ മന്ദിരം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (എ) | ഇല്ല. നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | രണ്ട് വർഷത്തോളമായിട്ടും നടപടികൾ പൂർത്തിയാക്കാത്തതിന് കാരണം എന്താണ്; | (ബി) | അമ്പലമുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മുൻപ് നിലനിന്നിരുന്ന 5 ഏക്കർ 40 സെന്റ് സ്ഥലം ബി.പി.സി.എൽ (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്)-ന് കൈമാറുന്നതിനും അതിന് പകരമായി എഫ്.എ.സി.റ്റി യിൽ നിന്നും ബി.പി.സി.എൽ വാങ്ങിയ 5 ഏക്കർ ഭൂമി ടി സ്കൂളിനായി കൈമാറുന്നതിനും അതിന്റെ ഭാഗമായി ടി സ്കൂൾ മുൻപ് പ്രവർത്തിച്ചു വന്നിരുന്ന ഭൂമിയുടെ കമ്പോള വില, പ്രസ്തുത ഭൂമിയിൽ നിലവിലുള്ള സ്കൂൾ കെട്ടിടങ്ങളുടേയും മറ്റ് ചമയങ്ങളുടേയും വില എന്നിവ കണക്കാക്കുന്നതിനും പ്രസ്തുത സ്ഥലത്ത് എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി ടി സ്കൂൾ പുനഃനിർമ്മിക്കുന്നതിനാവശ്യമായിവരുന്ന തുക പൊതുമരാമത്ത് വകുപ്പിനെ കൊണ്ട് എസ്റ്റിമേറ്റ് ചെയ്യുന്നതിനും വേണ്ടിവരുന്ന ഭരണപരമായ കാലതാമസമാണ് ടി സ്കൂൾ കൈമാറ്റ ഇടപാടിലും പുതിയ കെട്ടിട നിർമ്മാണത്തിനായുള്ള നടപടികളിലും ഉണ്ടായിട്ടുള്ളത്. |
| (സി) | നടപടികൾ പൂർത്തിയായി പുതിയ സ്കൂൾ മന്ദിരം എന്നത്തേയ്ക്ക് നിർമ്മിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | നടപടികൾ പൂർത്തിയാക്കി പുതിയ സ്കൂൾ മന്ദിര നിർമ്മാണം അധികം വൈകാതെ തന്നെ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

Namitha P

**സെക്ഷൻ ഓഫീസർ**